(ബി) ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ ;

(സി) മാന്ദ്യവിരുദ്ധപാക്കേജിൽ ഉൾപ്പെടുത്തി ഏതെല്ലാം പൊതുമരാമത്ത് പണികൾക്കാണ് ഭരണാനുമതി നൽകിയിരുന്നത് ; പ്രസ്തുത പണികൾ പൂർത്തിയായിട്ടുണ്ടോ ;

(ഡി) മണ്ഡലത്തിലെ തകർന്നടിഞ്ഞ റോഡുകൾ അടിയന്തരമായി റിപ്പയർ ചെയ്യുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിശദവിവരങ്ങൾ അനുബന്ധം I, II ആയി ചേർത്തിരിക്കുന്നു.*

(ഡി) നടപടികൾ സ്വീകരിക്കുന്നതാണ്.

ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

203 (653) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിൽ എത്ര കോടി രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കുമോ ;

(ബി) നടപ്പിലാക്കിയ ഓരോ പ്രോജക്ടും അതിനായി ചെലവഴിച്ച തുകയും എത്രയെന്ന് പ്രത്യേകം പ്രത്യേകം വിശദീകരിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി എത്ര രൂപ അനുവദിച്ചു എന്ന് വാർഷികാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ എത്ര പാലങ്ങളുടെ പണി പൂർത്തീകരിച്ചു ; എത്ര തുക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കെട്ടിട വിഭാഗത്തിൻ കീഴിൽ 779.80 ലക്ഷം രൂപയുടെ പ്രവൃത്തികൾ ആരംഭിച്ചതിൽ 339.80 ലക്ഷം രൂപയുടെ പണികൾ പൂർത്തീകരിച്ചു. ബാക്കി പണികൾ പുരോഗമിക്കുന്നു. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 13 പ്രവൃത്തികളാണ് നടപ്പാക്കുന്നത്. ആയതിൽ 2 പ്രവൃത്തികൾ പൂർത്തിയാക്കി വിശദവിവരം അനുബന്ധം ബി ആയി ചേർത്തിരിക്കുന്നു.*

(ബി) കെട്ടിട വിഭാഗത്തെ സംബന്ധിച്ചകാര്യങ്ങൾ അനുബന്ധം-എ ആയും നിരത്തുകളും പാലങ്ങളും വിഭാഗം സംബന്ധിച്ച വിവരം അനുബന്ധം-ബി ആയും ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച തുക വാർഷികാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു :

2006-07	102.9 ലക്ഷം	
2007-08	156.07 "	
2008-09	175.75 "	(12 എഫ്.സി. അടക്കം)
2009-10	131.80 "	(12 എഫ്.സി. അടക്കം)
2010-11	60.70 "	
ആകെ	626.41 "	

(ഡി) ഒരു പാലത്തിന്റെ പണി പൂർത്തീകരിച്ചു (തൃശ്ശൂർ-പാലക്കാട് എന്നീ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള മായന്നൂർ പാലം) തുക 2176 ലക്ഷം രൂപ.

ഒല്ലൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് നടത്തിയ പദ്ധതികൾ

204 (654) ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒല്ലൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തിയ പദ്ധതികളുടെ പേരും അടങ്കൽ തുകയും പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥയും വിശദമാക്കുമോ ?

ഉത്തരം

നിരത്തുകളും പാലങ്ങളും വിഭാഗവും കെട്ടിടവിഭാഗവും നടത്തിയ പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ പൂർത്തീകരിച്ച പൊതുമരാമത്ത് പ്രവൃത്തികൾ

205 (655) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ പൂർത്തീകരിച്ച പൊതുമരാമത്ത് പ്രവൃത്തികളുടെയും അതിനായി ചെലവഴിച്ച തുകയുടെയും പൂർണ്ണമായ ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ കെട്ടിട വിഭാഗത്തിന്റെകീഴിൽ കോഴിക്കോട് ഉപഭോക്തൃ തർക്ക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly